# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.908 10.06.2019-ൽ മറുപടിയ്ക്ക്.

### ഉപദ്രവകാരികളായ കാട്ടാനകൾക്കായി സങ്കേതം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ഷാഫി പറമ്പിൽ | അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും<br>വകുപ്പുമന്ത്രി) |
| (എ) ചിന്നക്കനാൽ പഞ്ചായത്തിലെ പല ഭാഗങ്ങളിലും കാട്ടാനയുടെ ആക്രമണം മൂലം നിരവധി പേർ കൊല്ലപ്പെട്ടതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചിന്നക്കനാൽ പഞ്ചായത്തിന്റെ പരിധിയിൽ 2012 മുതൽ നാളിതുവരെ 10 പേർ കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ടിട്ടുണ്ട്. |
| (ബി) ഉപദ്രവകാരികളായ കാട്ടാനകൾക്കായി സങ്കേതം ആരംഭിക്കുവാൻ വനം വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയാണ് പ്രസ്തുത സങ്കേതം ആരംഭിക്കുന്നതെന്നും എത്ര ഏക്കർ സ്ഥലമാണ് ഇതിനായി കണ്ടെത്തേണ്ടതെന്നും വ്യക്തമാക്കുമോ? | (ബി) ഇത്തരം നിർദ്ദേശങ്ങളൊന്നും നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. വനം വകുപ്പ് പിടികൂടുന്ന ആക്രമണകാരികളായ ആനകളെ നിലവിൽ വനം വകുപ്പിന്റെ ആന പരിപാലന കേന്ദ്രങ്ങളിൽ സംരക്ഷിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ